മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു. എല്ലാം എഴുതിത്തന്നു. അതിവിടെയുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: കേരളത്തിലെ ലോകായുക്ത....

ക്ലിംഗ്

ലോകായുക്തയെക്കുറിച്ചുള്ള പരാമർശം

മി. ചെയർമാൻ: ശ്രീ. ശിവൻകുട്ടി, ചെയർ പറയുന്നത് കേൾക്കണം. അത് ഉന്നയിക്കാൻ പറ്റില്ല. കാരണം, A person to be appointed as Lok ayukta shall be a person who has held office of a judge of the Supreme Court or that of a Chief Justice of the High Court and shall be appointed in the advice tendered by the Chief Minister in consultation with the Speaker of the Legislative Assembly of the State and the Leader of Opposition in the Legislative Assembly of the State. അപ്പോൾ ലോകായുക്തയെക്കുറിച്ച് ഇവിടെ അങ്ങനെയൊരു ആരോപണം ഉന്നയിക്കാൻ പറ്റില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അത് പുറത്ത് പറഞ്ഞുകൊള്ളാം. *** ശ്രീ. പി. സി. ജോർജ് കേരളത്തിലെ പോലീസിനെയും ചന്ദ്രബോസ്സിന്റെ കൊലപാതകത്തെയും സംബന്ധിച്ച് നടത്തിയ പത്രസമ്മേളന ത്തിന്റെ സി.ഡി. ഈ സഭാരേഖയുടെ ഭാഗമായി മാറേണ്ടതുണ്ട്. ഇത് ശ്രീ. പി. സി. ജോർജ് എനിക്ക് തന്നതല്ല, സരിതാകേസ്സ് നടന്ന അവസരത്തിൽ കൊലയാളിയായ നിസാം വേറൊരു വനിതയെ രംഗത്തിറക്കി മൂന്ന് കോടി രൂപ വാഗ്ദാനം ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി പിന്നാലെ കൊണ്ടുവരും എന്നുള്ള കാര്യം കൂടി ഞാൻ സൂചിപ്പി ക്കുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, പോയിന്റ് ഓഫ് ഓർഡർ, This is the apt time, ലോകായുക്തയെക്കുറിച്ചുള്ള പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് ചെയർ പറഞ്ഞു കഴിഞ്ഞു. ലോകായുക്തയെക്കുറിച്ചുള്ള പരാമർശം രേഖയിൽ ഉണ്ടാകില്ല.

*** ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly